**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3092** **11-03-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന വെള്ളക്കെട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് റോഡിന്റെ നിലവാരം ഉയർന്നപ്പോൾ റോഡിന്റെ ഇരു വശങ്ങളിലും നിർമ്മിച്ചിട്ടുള്ള ഓടകൾ സമീപ ഭൂനിരപ്പിനെക്കാൾ ഉയർന്നത് കാരണം ദേശീയപാത കടന്ന് പോകുന്ന ഭാഗങ്ങളിൽ ഇരുവശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടുന്നത് പ്രദേശവാസികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ദേശീയപാതയിൽ മഴവെള്ളം ഒലിച്ചു പോകുന്നതിന് പാതയുടെ ഇരുവശങ്ങളിലും ഡ്രെയിനേജ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ സമയത്ത് ഉണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കാൻ ദേശീയപാത അതോറിറ്റി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ദേശീയപാതയിൽ വീഴുന്ന മഴവെള്ളം ഒലിച്ചു പോകുന്നതിന് ശാസ്ത്രീയമായി രൂപകൽപന ചെയ്ത ഡ്രെയിനേജ് സംവിധാനം നിർമ്മിക്കുന്നതിനാൽ പ്രവൃത്തി പൂർത്തിയാകുമ്പോൾ വെള്ളക്കെട്ട് മൂലമുള്ള പ്രശ്നത്തിൽ ശാശ്വതമായ പരിഹാരം ഉണ്ടാകുമെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.<br><br>വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് ക്രോസ് കൾവെർട്ടുകൾ ദേശീയപാതയുടെ രൂപകൽപനയുടെ ഭാഗമാക്കിയിട്ടുണ്ട്. ലാന്റ് പാറ്റേൺ, വെള്ളത്തിന്റെ ഒഴുക്ക് എന്നിവ കണക്കിലെടുത്ത ശേഷം ദേശീയപാതയുടെ അതിർത്തിക്കുള്ളിൽ അധികമായി ഡ്രെയിനേജ് സംവിധാനം ആവശ്യമെങ്കിൽ അത് നിർമ്മിക്കുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ദേശീയപാതയ്ക്ക് പുറത്ത് അത്തരം സംവിധാനങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടപ്പാക്കുന്നതിന് നിരാക്ഷേപപത്രം (NOC) നൽകുന്നതാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സംസ്ഥാന സർക്കാർ നിർദ്ദേശം നൽകുമോയെന്നും വിശദമാക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ